LIBRARY ARCHIVES Kerala Legislative Assembly

വയോജന കൗൺസിൽ രൂപീകരണം

222 (7521) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വയോജന നയം പ്രഖ്യാപിച്ചതെന്നാണ് എന്നറിയിക്കുമോ ;

(ബി) സംസ്ഥാന വയോജന നയത്തിൽ സംസ്ഥാന കൗൺസിൽ രൂപീകരിക്കുവാൻ ശിപാർശ ചെയ്യുന്നുണ്ടോ ;

(സി) ഈ വയോജന കൗൺസിലിന്റെ ഘടന എപ്രകാരമാണ് ;

(ഡി) വയോജന നയത്തിൽ ശിപാർശ ചെയ്യുന്നതുപ്രകാരം വയോജന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ ;

(ഇ) എന്നാണ് പ്രസ്തുത കൗൺസിൽ രൂപീകരിച്ചതെന്നും ആരെല്ലാമാണ് അതിലെ അംഗങ്ങളെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വയോജന നയം - 2006 പരിഷ്കരിച്ച് 6-5-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 37/2013/സാനീവ പ്രകാരം മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2013-ലെ വയോജന നയം അനുസരിച്ച് രൂപീകരിക്കേണ്ട വയോജന കൗൺസിലിന്റെ ഘടന ചുവടെ ചേർക്കുന്നു:

മുഖ്യമന്ത്രി	-	രക്ഷാധികാരി
സാമൂഹ്യനീതി മന്ത്രി	-	ചെയർപേഴ്സൺ
സർക്കാർ ഉദ്യോഗസ്ഥർ	-	6 പേർ
ജനപ്രതിനിധികൾ	-	2 പേർ
വയോജനക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ സർക്കാരിതര സംഘടനകളുടെ പ്രതിനിധികൾ	-	6 പേർ

സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി - കൺവീനർ

വാർദ്ധക്യകാല പ്രശ്നങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ ഒരു സർക്കാരിതര സംഘടനാംഗം - വൈസ് ചെയർപേഴ്സൺ

(ഡി&ഇ) മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ ശിപാർശ ചെയ്യുന്നതുപ്രകാരമുള്ള വയോജന കൗൺസിൽ രൂപീകരിച്ചിട്ടില്ല.